REGIONAL NEWS UNIT, ALL INDIA RADIO, CALICUT

# ആകാശവാണി

## പ്രാദേശിക വാർത്തകൾ

തിയ്യതി: 20-11-2024 സമയം 06.45 AM

## പ്രധാന വാർത്തകൾ

- ന്യൂഡൽഹി G -20 ഉച്ചകോടിയിലെ സുസ്ഥിര വികസന ലക്ഷ്യങ്ങൾ തുടരാൻ ബ്രസീൽ എടുത്ത തീരുമാനത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി സ്വാഗതം ചെയ്തു.
- മഹാരാഷ്ട്രയും, ഝാർഖണ്ഡും ഇന്ന് പോളിംഗ് ബൂത്തിലേക്ക്. പാലക്കാട് നിയമസഭാ ഉപതിരഞ്ഞെടുപ്പിൽ വോട്ടെടുപ്പ് അല്പസമയത്തിനകം.
- ഗോവ ചലച്ചിത്രോത്സവത്തിന് ഇന്ന് തുടക്കം.
- സന്തോഷ് ട്രോഫി യോഗ്യതാ മത്സരങ്ങൾക്ക് രാവിലെ കോഴിക്കോട്ട് കിക്കോഫ്.
- രാജ്യത്തെ ആദ്യ 24 X 7 ഓൺലൈൻ കോടതി ഇന്ന് കൊല്ലത്ത് പ്രവർത്തനം ആരംഭിക്കും.

## വാർത്തകൾ വിശദമായി

ന്യൂഡൽഹി G -20 ഉച്ചകോടിയിലെ സുസ്ഥിര വികസന പുനരുപയോഗ-ഊർജ്ജ വിനിയോഗ ലക്ഷ്യങ്ങൾ തുടരാൻ ബ്രസീൽ എടുത്ത തീരുമാനത്തെ പ്രധാനമന്ത്രി നരേന്ദ്രമോദി സ്വാഗതം ചെയ്തു. 2030 ഓടെ പുനരുപയോഗ ഊർജ്ജശേഷി മൂന്നിരട്ടിയാക്കാനും, ഊർജ്ജ വിനിയോഗ ശേഷി രണ്ടിരട്ടിയാക്കാനുമായിരുന്നു ന്യൂഡൽഹി ഉച്ചകോടിയുടെ തീരുമാനമെന്ന് അദ്ദേഹം ഓർമ്മിപ്പിച്ചു. റിയോ ഡി ജനീറോയിൽ G-20 ഉച്ചകോടിയുടെ സുസ്ഥിര വികസനവും, ഊർജ്ജ പരിവർത്തനവും എന്ന പ്രാരംഭ സെഷനിൽ സംസാരിക്കുകയായിരുന്നു പ്രധാനമന്ത്രി.

**ഡെസ്ക്ക് റിപ്പോർട്ട്**

**....(വോയ്സ്)....**

**സുസ്ഥിര വികസനത്തിലെ പ്രഖ്യാപിത ലക്ഷ്യത്തിലേക്ക് എത്തിച്ചേരാൻ ഇന്ത്യ സ്വീകരിച്ച നടപടികൾ നരേന്ദ്രമോദി വിശദീകരിച്ചു. 40 ദശലക്ഷത്തോളം കുടുംബങ്ങൾക്ക് കഴിഞ്ഞ പത്തു വർഷം കൊണ്ട് പാർപ്പിടമൊരുക്കി. കഴിഞ്ഞ അഞ്ചു വർഷങ്ങളിൽ 120 ദശലക്ഷം വീടുകളിൽ ശുദ്ധമായ കുടിവെള്ളമെത്തിക്കാൻ കഴിഞ്ഞു. നൂറ് ദശലക്ഷം കുടുംബങ്ങളിൽ പാചകവാതകം എത്തിക്കാനായി. 115 ദശലക്ഷം കുടംബങ്ങളിൽ ശൗചാലയങ്ങൾ നിർമ്മിക്കാനും സാധിച്ചുവെന്ന് പ്രധാനമന്ത്രി പറഞ്ഞു.**

**2030 ഓടെ 500 ജിഗാവാട്ട് പുനരുപയോഗ ഊർജ്ജം എന്ന ലക്ഷ്യത്തിൽ ഇതിനകം 200 ജിഗാവാട്ട് ശേഷി കൈവരിക്കാൻ ഇന്ത്യക്ക് സാധിച്ചു.**

**ബ്രസീൽ സന്ദർശനത്തിനു ശേഷം പ്രധാനമന്ത്രി മൂന്ന് ദിവസത്തെ ഗയാന സന്ദർശനത്തിന് യാത്ര തിരിച്ചു. 1968 നു ശേഷം ആദ്യമായാണ് ഒരു ഇന്ത്യൻ പ്രധാനമന്ത്രി ഗയാന സന്ദർശിക്കുന്നത്. ഗയാന പ്രസിഡണ്ട് ഡോ. മുഹമ്മദ് ഇർഫാൻ അലിയുമായി ജോർജ് ടൗണിൽ പ്രധാനമന്ത്രി ചർച്ച നടത്തും. രണ്ടാമത് കാരിക്കോം ഇന്ത്യ ഉച്ചകോടിയിലും നരേന്ദ്രമോദി പങ്കെടുക്കും. നാളെ ഗയാന പാർലമെന്റിനേയും പ്രധാനമന്ത്രി അഭിസംബോധന ചെയ്യും.**

**✪✪✪**

**മഹാരാഷ്ട്രയും, ഝാർഖണ്ഡും ഇന്ന് പോളിംഗ് ബൂത്തിലേക്ക്. വോട്ടെടുപ്പ് രാവിലെ ഏഴിന് ആരംഭിക്കും. 288 അംഗ മഹാരാഷ്ട്ര നിയമസഭയിലേക്ക് ഒരു ഘട്ടമായാണ് വോട്ടെടുപ്പ്. ഝാർഖണ്ഡിൽ 12 ജില്ലകളിലെ 38 മണ്ഡലങ്ങളിൽ രണ്ടാം ഘട്ടമായാണ് ജനവിധി രേഖപ്പെടുത്തുന്നത്. രണ്ടിടത്തും വോട്ടെണ്ണൽ 23 ന് നടത്തും.**

**കനത്ത സുരക്ഷാ സംവിധാനങ്ങൾ രണ്ടു സംസ്ഥാനങ്ങളിലും ഏർപ്പെടുത്തിയിട്ടുണ്ട്.**

**✪✪✪**

**ഒന്നര മാസം നാടിളക്കിയ പ്രചാരണത്തിനൊടുവിൽ പാലക്കാട് ഇന്ന് പോളിംഗ് ബൂത്തിലേക്ക്. അല്പസമയത്തിനകം വോട്ടെടുപ്പ് ആരംഭിക്കും.**

**വൈകീട്ട് 6 വരെയാണ് വോട്ടെടുപ്പ്. വോട്ടിങ് യന്ത്രങ്ങളുടെ പ്രവർത്തനക്ഷമത ഉറപ്പുവരുത്തുന്ന മോക്ക് പോളിംഗ് ബൂത്തുകളിൽ നടന്നു.**

**പാലക്കാടി പ്രതിനിധി ഫൈസൽ അലിമുത്തിന്റെ റിപ്പോർട്ട്.**

**....(വോയ്സ്)......**

**✪✪✪**

**തെരഞ്ഞെടുപ്പുപോലെ നിർണായക ഘട്ടങ്ങളിൽ കെട്ടിച്ചമച്ച കാര്യങ്ങൾ പ്രചരിപ്പിക്കുന്നത് മാധ്യമ വിശ്വാസ്യത തകർക്കുമെന്ന് മന്ത്രി ഡോ. R ബിന്ദു അഭിപ്രായപ്പെട്ടു. കൊച്ചി കേരള മീഡിയ അക്കാദമിയിൽ ബിരുദ ദാന സമ്മേളനവും മാധ്യമ അവാർഡ് സമർപ്പണവും ഉദ്ഘാടനം ചെയ്യുകയായിരുന്നു മന്ത്രി.**

**✪✪✪**

**55-ാമത് ഗോവ അന്താരാഷ്ട്ര ചലച്ചിത്രോത്സവം ഇന്നാരംഭിക്കും. പനാജിയിലെ ഡോ. ശ്യാമപ്രസാദ് മുഖർജി സ്റ്റേഡിയത്തിലെ ഉദ്ഘാടന ചടങ്ങിൽ അഭിഷേക് ബാനർജിയും, ഭൂമി പട്നേക്കറും ചേർന്ന് വൈകിട്ട് അഞ്ചിന് മേളയ്ക്ക് തുടക്കമിടും. ചടങ്ങിൽ പ്രസാർഭാരതിയുടെ OTT പ്ലാറ്റ്ഫോം അവതരിപ്പിയ്ക്കും.**

**ന്യൂസ് ഡെസ്ക്കിൽ നിന്ന് കൂടുതൽ വിവരങ്ങൾ.**

**....(വോയ്സ്)..**

**ഈ വർഷത്തെ ചലച്ചിത്രോത്സവത്തിൽ ഓസ്ട്രേലിയൻ ചിത്രങ്ങൾക്കാണ് പ്രാമുഖ്യം നൽകുന്നത്. സാംസ്കാരിക വിനിമയത്തിന് ഊന്നൽ നൽകുന്ന പരിപാടിയുടെ ഭാഗമായി ജന്നാവി ഡാൻസ് ക്ലാൻ, ഓസ്ട്രേലിയൻ തനതു പൈതൃകത്തിന്റെ നിറവ് പ്രകടമാക്കുന്ന സാംസ്കാരിക പരിപാടി സംഘടിപ്പിക്കും.**

**തൊണ്ണൂറുകളിലെ ഹിറ്റായ ഇന്ത്യൻ ചലച്ചിത്ര നൃത്ത -ദൃശ്യങ്ങൾ ഉൾപ്പെടുത്തിയ പ്രത്യേക പരിപാടി മറ്റൊരു പ്രധാന ആകർഷണമായിരിക്കും. ചലച്ചിത്ര ലോകത്തെ അതുല്യ പ്രതിഭകളായ രാജ്കപൂർ, തപൻസിൻഹ, അക്കിനേനി നാഗേശ്വരറാവു, മുഹമ്മദ് റഫി എന്നിവരുടെ ദൃശ്യ-സംഗീത- ഗാന വിസ്മയം 'ടൈംലെസ് സോൾസ് ' ഇതോടൊപ്പം അവതരിപ്പിക്കും.**

മൈക്കേൽ ഗ്രേസിയുടെ 'ബെറ്റർമാൻ' ഉച്ചയ്ക്ക് രണ്ടിന് ഉദ്ഘാടന ചിത്രമായി പ്രദർശിപ്പിക്കും. ചലച്ചിത്രമേളയുടെ ഉദ്ഘാടന ചടങ്ങ് ആംഗ്യഭാഷയിലും ഇത്തവണ അവതരിപ്പിക്കും.

81 രാജ്യങ്ങളിലെ 180 ഓളം ചിത്രങ്ങൾ മേളയിൽ പ്രദർശിപ്പിക്കും. AR റഹ്മാൻ, R മാധവൻ, രാകുൽ പ്രീത് സിംഗ്, പങ്കജ് കപൂർ തുടങ്ങിയ പ്രമുഖരുടെ പങ്കാളിത്തം മേളയെ പുതിയൊരു തലത്തിലേക്ക് ഉയർത്തും.

✪✪✪

ഈ മാസം അവസാനത്തോടെ 370 ഓളം പ്രധാന ട്രെയിനുകളിൽ ആയിരത്തോളം പുതിയ ജനറൽ കോച്ചുകൾ ഉൾപ്പെടുത്തുമെന്ന് റെയിൽവെ അറിയിച്ചു. യാത്രക്കാരുടെ സുഗമ യാത്ര ഉറപ്പാക്കാനാണ് നടപടിയെന്ന് റെയിൽവെ ബോർഡ് ഇൻഫർമേഷൻ എക്സിക്യുട്ടീവ് ഡയറക്ടർ ദിലീപ് കുമാർ ന്യൂഡൽഹിയിൽ പറഞ്ഞു.

✪✪✪

കോഴിക്കോട് ഗവ. മാനസികാരോഗ്യ കേന്ദ്രത്തിനും, കണ്ണൂർ പിണറായി സ്പെഷ്യാലിറ്റി ആശുപത്രിക്കും 53 കോടി രൂപയുടെ നബാർഡ് ധനസഹായത്തിന് ഭരണാനുമതി നൽകിയതായി മന്ത്രി വീണാ ജോർജ് അറിയിച്ചു. കോഴിക്കോട് മാനസികാരോഗ്യ കേന്ദ്രത്തെ ആധുനിക സൗകര്യങ്ങളോടെ നവീകരിക്കാൻ ആദ്യ ഘട്ടമായി 28 കോടി രൂപ ലഭിക്കും. പിണറായി സ്പെഷ്യാലിറ്റി ആശുപത്രിക്ക് രണ്ടാം ഘട്ടമായി 25 കോടി രൂപയും നൽകും.

✪✪✪

കടൽ ഭീകരാക്രമണം തടയുന്നതിന് നാവികസേനയുടെ നേതൃത്വത്തിൽ ബന്ധപ്പെട്ട സുരക്ഷാ ഏജൻസികളുടെ C- വിജിൽ - 24 ഇന്നും നാളെയും കേരള - ലക്ഷദ്വീപ് തീരപ്രദേശങ്ങളിൽ നടത്തും. തീരപ്രദേശങ്ങളിലെ ഭീകരാക്രമണ പ്രതിരോധ സന്നദ്ധത ഉറപ്പാക്കുന്നതിന്റെ ഭാഗമായാണ് പരിപാടി. നാവികസേനയുടെ 5 കപ്പലുകൾ, ഡോണിയർ വിമാനം, ഫാസ്റ്റ് ഇന്റർസെപ്ടർ ബോട്ടുകൾ, കോസ്റ്റ് ഗാർഡ് ഫാസ്റ്റ് പട്രോൾ വെസ്സലുകൾ, കസ്റ്റംസ്, കോസ്റ്റൽ പോലീസ് ബോട്ടുകൾ തുടങ്ങിയവ സീ വിജിലിൽ പങ്കെടുക്കും. കേന്ദ്ര ഗവൺമെന്റിന്റെ ആറ് മന്ത്രാലയങ്ങളും, 21 ഓളം സംഘടനകളും പരിപാടിയിൽ പങ്കുചേരും.

✪✪✪

**78-ാമത് സന്തോഷ് ട്രോഫി യോഗ്യതാ മത്സരങ്ങൾക്ക് ഇന്ന് കോഴിക്കോട്ട് കിക്കോഫ്. രാവിലെ ഏഴിന് കോർപറേഷൻ സ്റ്റേഡിയത്തിൽ ലക്ഷദ്വീപ് പുതുച്ചേരിയെ നേരിടും. വൈകിട്ട് മൂന്നിന് ആതിഥേയരായ കേരളം റെയിൽവെയ്സനെയും നേരിടും.**

**കൂടുതൽ വിവരങ്ങളുമായി കോഴിക്കോട് പ്രതിനിധി നസീർ ബാബു.**

**.....(വോയ്സ്).....**

**✪✪✪**

**സംസ്ഥാന സ്കൂൾ കായികമേളയിൽ മികച്ച പ്രകടനം കാഴ്ചവെച്ച പ്രതിഭകളെ നാളെ കാസർകോട് ജില്ലാ പഞ്ചായത്ത് ആദരിക്കും. ദേശീയ റെക്കോഡ് ഉൾപ്പെടെ 129 മെഡലുകളാണ് ജില്ലയ്ക്ക് ലഭിച്ചത്. ചടങ്ങ് രാജ്മോഹൻ ഉണ്ണിത്താൻ MP ഉദ്ഘാടനം ചെയ്യും.**

**✪✪✪**

**ഏഷ്യൻ ഹോക്കി വനിതാ ചാമ്പ്യൻസ് ട്രോഫി 2024 ന്റെ ഫൈനലിൽ ഇന്ത്യ, ഇന്ന് ചൈനയെ നേരിടും. ഇന്നലെ സെമിയിൽ ജപ്പാനെ പരാജയപ്പെടുത്തിയാണ് ഇന്ത്യ ഫൈനലിലെത്തിയത്. വൈകിട്ട് 4.45 ന് ബിഹാറിലെ രാജ്ഗിർ ഹോക്കി സ്റ്റേഡിയത്തിലാണ് ഫൈനൽ മത്സരം.**

**ഉച്ചയ്ക്ക് 2.15 ന് വെങ്കല മെഡൽ ജേതാക്കളെ കണ്ടെത്താൻ മലേഷ്യ, ജപ്പാനെ നേരിടും.**

**✪✪✪**

**രാജ്യത്തെ ആദ്യ 24 X 7 ഓൺലൈൻ കോടതി ഇന്ന് കൊല്ലത്ത് പ്രവർത്തനം ആരംഭിക്കും. പൂർണമായി കടലാസ് രഹിതമായ കോടതി 24 മണിക്കൂറും പ്രവർത്തനനിരതമായിരിക്കും.**

**ഹൈബ്രിഡ് കോടതിയുടെ പ്രവർത്തനത്തെപ്പറ്റി കൊല്ലം ജില്ലാപ്രതിനിധി നീരജ് ലാൽ.**

**.....(വോയ്സ്)...................**

**✪✪✪**

കോഴിക്കോട് റവന്യൂ ജില്ല സ്കൂൾ കലോത്സവത്തിന് ഇന്ന് വേദികൾ ഉണരും. നഗരത്തിലെ 20 വേദികളിലാണ് മത്സരങ്ങൾ. മലബാർ ക്രിസ്ത്യൻ കോളജ് ഹയർ സെക്കൻഡറി സ്കൂൾ ഗ്രൗണ്ടാണ് പ്രധാന വേദി.

മന്ത്രി A.K ശശീന്ദ്രൻ കലോത്സവം ഉദ്ഘാടനം ചെയ്യും. സാഹിത്യകാരൻ ബെന്യാമിൻ ആണ് മുഖ്യാതിഥി. മേയർ ബീന ഫിലിപ്പ്, MP മാരായ M.K രാഘവൻ, ഷാഫി പറമ്പിൽ, P.T ഉഷ തുടങ്ങിയവർ പങ്കെടുക്കും. 319 ഇനങ്ങളിലായി 8,000 ത്തോളം വിദ്യാർത്ഥികൾ മേളയിൽ മത്സരിക്കും.

✪✪✪

കോഴിക്കോട് മെഡിക്കൽ കോളേജ് കാഷ്വാലിറ്റിയിൽ യുവതി സമയത്ത് ചികിത്സ ലഭിക്കാതെ മരിച്ചെന്ന പരാതിയിൽ സംസ്ഥാന മനുഷ്യാവകാശ കമ്മീഷൻ കേസെടുത്ത് അന്വേഷണത്തിന് ഉത്തരവിട്ടു. പേരാമ്പ്ര കൂത്താളി സ്വദേശി രജനി മരിച്ച സംഭവത്തിലാണ് കമ്മീഷൻ ജുഡീഷ്യൽ അംഗം K.ബൈജുനാഥ് മെഡിക്കൽ കോളേജ് ആശുപത്രി സൂപ്രണ്ടിനോട് 15 ദിവസത്തിനകം റിപ്പോർട്ട് നൽകാൻ ആവശ്യപ്പെട്ടത്.

രജനിയുടെ മരണവുമായി ബന്ധപ്പെട്ട വിഷയത്തിൽ മെഡിക്കൽ ബോർഡ് രൂപീകരിക്കാനും, കേസ് ഷീറ്റ് അന്വേഷണത്തിന് കൈമാറാനും, റിപ്പോർട്ട് DME യ്ക്ക് അയക്കാനും ഉറപ്പു ലഭിച്ചതായി BJP നേതാക്കൾ അറിയിച്ചു.

✪✪✪